**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3914** **06-08-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ മേഖലയിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന തീരദേശ മേഖലയിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | കുടിവെള്ള ക്ഷാമം നേരിടുന്ന തീരദേശ മേഖലകൾക്ക് പ്രത്യേക പരിഗണന നൽകി കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായി പുതിയ പൈപ്പ്ലൈനുകൾ സ്ഥാപിച്ചും വിതരണ ശൃംഖല ദീർഘിപ്പിച്ചും വിതരണ ശൃംഖലയിലെ അറ്റകുറ്റ പണികൾ സമയബന്ധിതമായി പൂർത്തീകരിച്ചും വാൽവുകൾ നിയന്ത്രിച്ചും തടസ്സം കൂടാതെയുള്ള കുടിവെള്ള വിതരണം ചെയ്യുന്നുണ്ട്. കൂടാതെ വിതരണ ശൃംഖല ഇല്ലാത്ത തീരദേശ മേഖലകളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്. കുടിവെള്ള വിതരണം സുസ്ഥിരപ്പെടുത്തു ന്നതിനായി ജല ജീവൻ മിഷൻ, അമൃത്, കിഫ്ബി എന്നിവയുടെ ധനസഹായത്തോടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിനായി പ്രത്യേക പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | തിരുവനന്തപുരം കൊല്ലം ജില്ലകളിലെ തീരദേശ മേഖലകളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കു ന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു 1. അടിമലത്തുറ, പൂവാർ, കരിങ്കുളം എന്നീ തീരദേശ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി 2.ചിറയിൻകീഴ് മണ്ഡലത്തിലെ തീരദേശ പ്രദേശങ്ങൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി. 3. ഫ്ളൂറൈഡിന്റെ സാന്നിദ്ധ്യമുള്ള പ്രദേശങ്ങൾ ഉൾപ്പടെ പൂവാർ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി. 4. കൊല്ലം കോർപ്പറേഷനിൽ കിഫ്ബി ഞാങ്കടവ് കുടിവെള്ള പദ്ധതി. 5. കൂടാതെ ജല ജീവൻ മിഷൻ, അമൃത്, കിഫ്ബി, സ്റ്റേറ്റ് പ്ളാൻ പദ്ധതികളിലൂടെയും കുടിവെള്ള ലഭ്യത ഉറപ്പാക്കി വരുന്നു. ആലപ്പുഴ ജില്ല. ആലപ്പുഴ ജില്ലയിൽ തീരപ്രദേശങ്ങളായ ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി എന്നീ താലൂക്കുകളിൽ ശുദ്ധീകരണ ശാലയോടു കൂടിയ പദ്ധതികളിലൂടെയും കുഴൽ |

| | | | |
|---|---|---|---|
| | | | കിണർ പദ്ധതികളിലൂടെയും നിലവിൽ കുടിവെള്ള വിതരണം നടത്തി വരുന്നു. കൂടാതെ ഈ പ്രദേശങ്ങളിൽ ജല ജീവൻ മിഷൻ, അമൃത്, കിഫ്ബി എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. ചേർത്തല താലൂക്കിൽ ജപ്പാൻ സഹായത്തോട്ടു കൂടിയുള്ള കുടിവെള്ള പദ്ധതി നിലവിലുണ്ട്. അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴ കുടിവെള്ള പദ്ധതി നിലവിലുണ്ട്. ടി പദ്ധതിയുടെ വിപുലീകരണവും നവീകരണവും അമൃത്, കിഫ്ബി വഴി നടപ്പിലാക്കുന്നു. കായംകുളം നഗരസഭ സുനാമി എമർജൻസി അസിസ്റ്റൻസ് പ്രോജക്ട് – കായംകുളം, ആറാട്ടുപുഴ പദ്ധതികൾ നിലവിലുണ്ട്. കാർത്തികപ്പള്ളി താലൂക്കിലെ മറ്റ് പഞ്ചായത്തുകളിൽ കുഴൽ കിണർ പദ്ധതികൾ ഉണ്ട്. എറണാകുളം ജില്ല. ജല ജീവൻ പദ്ധതി വഴി എറണാകുളം ജില്ലയിലെ എളംകുന്നപ്പുഴ, എടവനക്കാട്, ഞാറക്കൽ, നായരമ്പലം, പള്ളിപ്പുറം, എന്നീ പഞ്ചായത്തുകളിലെ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകി വരുന്നുണ്ട്. ചെല്ലാനം പഞ്ചായത്തിൽ റിബിൽഡ് കേരളയിൽ ഉൾപ്പെടുത്തി പഴയ വിതരണ ശൃംഖലകൾ മാറ്റി സ്ഥാപിക്കുന്നതിനായി 21 കോടി രൂപയുടെ പദ്ധതിയും, കേരള സ്റ്റേറ്റ് കോസ്റ്റൽ ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 16.70 കോടി രൂപയുടെ പദ്ധതിയും സമർപ്പിച്ചിട്ടുണ്ട്. ടി പഞ്ചായത്തുകളിൽ ജല ജീവൻ മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 1448 വാട്ടർ കണക്ഷനുകൾ നൽകുന്ന പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു. തൃശ്ശൂർ ജില്ല. തൃശ്ശൂർ ജില്ലയിലെ തീരദേശ പഞ്ചായത്തുകളായ ഏറിയാട്, എടവിലങ്ങ്, മതിലകം, എസ്. എൻ. പുരം, പെരിഞ്ഞനം, കയ്പമംഗലം, വാടാനപ്പിള്ളി, ഏങ്ങണ്ടിയൂർ, വലപ്പാട്, നാട്ടിക, തളിക്കുളം, പുന്നയൂർക്കുളം, കടപ്പുറം, എടത്തിരുത്തി എന്നീ പ്രദേശങ്ങളിൽ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ജല ജീവൻ മിഷൻ പദ്ധതിയിലൂടെ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ തീരദേശ മേഖലയിലെ ഗ്രാമപ്രദേശങ്ങളിൽ ജല ജീവൻ മിഷൻ വഴി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | തീരദേശജനതയ്ക്ക് ഏത് കാലാവസ്ഥയിലും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്രവും ശാശ്വതവുമായ പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | തിരുവനന്തപുരം, കൊല്ലം ജില്ല: തീരദേശ മേഖലകളായ വലിയതുറ, പൂന്തുറ, മാണിക്കവിളാകം, ബീമാപള്ളി ഈസ്റ്റ് മേഖലകളിൽ അമൃത്, മത്സ്യഗ്രാമം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നുണ്ട്. കൊല്ലം കോർപ്പറേഷനിലെ തീരദേശ മേഖലകളായ ഇരവിപുരം, ശക്തികുളങ്ങര, മയ്യനാട്, പരവൂർ |

| | | | |
|---|---|---|---|
| | | | മുനിസിപ്പാലിറ്റി, നീണ്ടകര പഞ്ചായത്ത് എന്നിവിടങ്ങളിൽ വിവിധ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുന്നുണ്ട്. കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കൊല്ലം കോർപ്പറേഷനിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി പൂർത്തീകരിക്കുമ്പോൾ കൊല്ലം തീരദേശ മേഖലയിൽ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം ആകുന്നതാണ്. എറണാകുളം ജില്ല: ജല ജീവൻ മിഷൻ രണ്ടാം ഘട്ടം പദ്ധതിയിൽ ഉൾപ്പെടുത്തി 1230 പുതിയ കണക്ഷനുകൾ നൽകുവാനും, കൂടുതൽ ശുദ്ധജല ക്ഷാമം നേരിടുന്ന തെക്കേ ചെല്ലാനത്ത് ശുദ്ധജലം ഉറപ്പ് വരുത്തുന്നതിനായി 6 കിലോമീറ്റർ 160 എം. എം. പി. വി. സി. പൈപ്പ് സ്ഥാപിക്കുവാനുമായി 512 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി ചെല്ലാനം പഞ്ചായത്തിലെ ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നതാണ്. മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമേ മറ്റു തീരപ്രദേശങ്ങളിലേക്ക് ആവശ്യമായ ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. |
| (ഡി) | ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തീരദേശ മേഖലയിൽ ജല വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് ജല ജീവൻ മിഷനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു. പൂവാർ പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി, കോട്ടുകാൽ പഞ്ചായത്ത് എന്നിവിടങ്ങളിലേയ്ക്കു വേണ്ടിയുള്ള ജല വിതരണ ശൃംഖല സ്ഥാപിക്കൽ. കൂടാതെ പമ്പ് ഹൗസുകളുടെ നവീകരണം, വിതരണ ശൃംഖലയിലെ അറ്റകുറ്റ പണികളുടെ നിർവ്വഹണം, പൈപ്പ്ലൈനുകൾ ദീർഘിപ്പിക്കൽ എന്നീ നടപടികളും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കാസറഗോഡ് എന്നീ ജില്ലകളിൽ ജല ജീവൻ മിഷൻ പദ്ധതി പ്രകാരം തീരപ്രദേശങ്ങളിലെ ശേഷിക്കുന്ന എല്ലാ വീടുകളിലും വാട്ടർ കണക്ഷൻ എത്തിക്കുന്ന പ്രവൃത്തി ഘട്ടം – 1 പുരോഗമിച്ചു വരുന്നു. ഘട്ടം – 2 പൂർത്തീകരിക്കുന്നതോടു കൂടി ഗ്രാമീണ തീരദേശ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ